## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ബിരുദാനന്തരബിരുദപ്രവേശം 2017-18- പ്രവേശന യോഗ്യത- യോഗ്യതാപരീക്ഷയുടെ മാർക്കിന്റെ ശതമാനത്തിന് തുല്യമായ സി.സി.പി.എ. നിശ്ചയിക്കുന്ന രീതി- സ്പഷ്ടീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക (ബി. 7) വിഭാഗം**

*സർ.ഉ. നം. 2058/01/2017/അക്കാദമികം* *പ്രിയദർശിനിഹിൽസ്, തീയതി 05/04/17*

---

**ഉത്തരവ്**

സി.ബി.സി.എസ്.എസ്. മൂല്യനിർണയസമ്പ്രദായം നിലവിൽ വന്നശേഷം ബിരുദാനന്തരബിരുദതലത്തിൽ ശാസ്ത്ര വിഷയങ്ങളിലെ പ്രവേശനത്തിന് കുറഞ്ഞ പ്രവേശനയോഗ്യതയായി യോഗ്യതാപരീക്ഷയിൽ പാർട്ട് 3 അഥവാ കോർ ഗ്രൂപ്പ് വിഷയങ്ങൾക്ക് 50 ശതമാനം മാർക്ക് അല്ലെങ്കിൽ സി.ജി.പി.എ.(ക്യുമുലേറ്റീവ് ഗ്രേഡ് പോയിന്റ് ആവിറേജ്) 2 എന്നും ശാസ്ത്രേതരവിഷയങ്ങൾക്ക് 45 ശതമാനം മാർക്ക് അല്ലെങ്കിൽ സി.ജി.പി.എ. 1.8 എന്നുമാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പ്രൊഫസർ ഹൃദയകുമാരി കമ്മീഷൻ ശുപാർശപ്രകാരമുള്ള ബിരുദ തലത്തിലെ പുതിയ മൂല്യനിർണയരീതിയിൽ സി.സി.പി.എ.(ക്യുമുലേറ്റീവ് ക്രെഡിറ്റ് പോയിന്റ് ആവിറേജ്)യും ഒപ്പം മാർക്കും നൽകുന്നുണ്ട്. കൃത്യമായ മാർക്കിനുപകരം നിശ്ചിത പരിധിക്കുള്ളിൽ വരുന്ന മാർക്കിനെയാണ് സി.സി.പി.എ. സൂചിപ്പിക്കുന്നത്. അതിനാൽ പ്രവേശന മാനദണ്ഡമായി ശതമാനത്തിന് തുല്യമായ സി.സി.പി.എ. വിജ്ഞാപനം ചെയ്യാൻ കഴിയില്ല.

ബഹുമാനപ്പെട്ട വൈസ്ചാൻസലർ മുകളിൽ സൂചിപ്പിച്ച വിഷയം പരിശോധിച്ച് മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985ന്റെ മൂന്നാം അധ്യായത്തിലെ 10 (17) വകുപ്പുപ്രകാരം തന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് ബിരുദാനന്തര ബിരുദപ്രവേശനവിജ്ഞാപനത്തിൽ കുറഞ്ഞപ്രവേശനയോഗ്യത കണക്കാക്കുവാൻ ഹൃദയകുമാരി കമ്മീഷൻ ശുപാർശപ്രകാരമുള്ള മൂല്യനിർണയ രീതിയാണെങ്കിൽ യോഗ്യതാപരീക്ഷയുടെ മാർക്കിന്റെ ശതമാനവും അല്ലാത്തപക്ഷം സി.ജി.പി.എ. യുടെ ശതമാനവും പരിഗണിക്കാൻ അനുമതി നൽകി ഉത്തരവായിരിക്കുന്നു.

ഒപ്പ്
സുനിൽബാബു കെ.
**രജിസ്ട്രാർക്ക്** വേണ്ടി
**അസിസ്റ്റന്റ് രജിസ്ട്രാർ**

1 വിവിധ പഠനവകുപ്പുകളുടെ തലവൻമാർ
2 വൈസ് ചാൻസലറുടെയും പ്രോ-വൈസ് ചാൻസലറുടെയും പി.എസ്. മാർ
3 രജിസ്ട്രാറുടെയും പരീക്ഷാകൺട്രോളറുടെയും പി.എ.മാർ
4 ജെ.ആർ. (ഭരണവിഭാഗം 2)/ ഡി.ആർ.മാർ (അക്കാദമിക് 1-ഠ 2-ഠ)
5 എ.ആർ. മാർ (അക്കാദമിക് 1,2,3)
6 എ.സി.ബി. 6, സിസ്റ്റം അഡ്മിൻ സെക്ഷൻ, എ.സി. എ 9, എ.സി.എൽ
7 കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
8 കരുതൽ ഫയൽ/ ഫയൽ കോപ്പി

ഫയൽ നം. 9021/1/ബി.7/അക്കാദമികം/2017

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ